"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് പദ്ധതിയുടെ സംസ്ഥാന പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(കൈ) നം.167/2023/LSGD തീയതി,തിരുവനന്തപുരം, 23-09-2023

പരാമർശം:- (1) ജി.ഒ.(എം.എസ്.) നം.152/2020/എൽ.എസ്.ജി.ഡി. തീയതി 09.10.2020.

(2) ജി.ഒ.(എം.എസ്.) നം.230/2021/എൽ.എസ്.ജി.ഡി. തീയിത 07.10.2021.

(3) കെ.എസ്.ഡബ്ല്യു.എം.പി. പ്രൊജക്ട് ഡയറക്ടറുടെ 20.02.2023-ലെ 05/SPMU/KSWMP/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (KSWMP), എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളുടെയും മാലിന്യ സംസ്കരണം കൈകാര്യം ചെയ്യാൻ ലക്ഷ്യമിടുന്നു. കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ മൂന്നാമത്തെ ഘടകത്തിൽ പ്രാദേശികമായി എസ്.ഡബ്ല്യു.എം (Solid Waste Management) സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും, പരാമർശം (2)-ലെ ഉത്തരവ് പ്രകാരം 14 ജില്ലാ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റുകളും, 93 പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്.

(2) കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കണമെന്ന് കെ.എസ്.ഡബ്ല്യു.എം.പി. പ്രൊജക്ട് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം. | തസ്തിക | യോഗ്യത | പ്രവൃത്തി പരിചയം | നിയമന രീതി | ശമ്പളം | തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ (സോളിഡ് വേസ്റ്റ് മാനേജ്മെന്റ്) | എൻവയോൺമെന്റൽ / ജിയോ എൻവയോൺമെന്റൽ എഞ്ചിനീയറിങ്ങിൽ എം.ടെക്. | തദ്ദേശസ്വയംഭരണ വകുപ്പിൽ അഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടേഷൻ | മാതൃ വകുപ്പിലേതിന് സമാനം | 2 |
| 2 | അസിസ്റ്റന്റ് ഡയറക്ടർ (പ്രൊജ | അംഗീകൃത സർവ്വകലാശാല ബിരുദം | മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I റാങ്കിൽ കുറയാ | ഡെപ്യൂട്ടേഷൻ | മാതൃ വകുപ്പിലേതിന് സമാനം | 1 |

| | | | | | | |
|---|---|---|---|---|---|---|
| | ക്ട്) | | ത്ത ഉദ്യോഗസ്ഥൻ | | | |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് പദ്ധതിയുടെ സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ താഴെ പറയുന്ന രീതിയിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | യോഗ്യത | പ്രവൃത്തി പരിചയം | നിയമന രീതി | ശമ്പളം | സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ (സോളിഡ് വേസ്റ്റ് മാനേജ്മെന്റ്) | എൻവയോൺമെന്റൽ / ജിയോ എൻവയോൺമെന്റൽ എഞ്ചിനീയറിങ്ങിൽ എം.ടെക്. | തദ്ദേശസ്വയംഭരണ വകുപ്പിൽ അഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടേഷൻ | മാതൃ വകുപ്പിലേതിന് സമാനം | 2 |
| 2 | അസിസ്റ്റന്റ് ഡയറക്ടർ (പ്രൊജക്ട്) | അംഗീകൃത സർവ്വകലാശാല ബിരുദം | മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടേഷൻ | മാതൃ വകുപ്പിലേതിന് സമാനം | 1 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ധനകാര്യ വകുപ്പ് (ഡബ്ല്യൂ.സി.ഡി.) വകുപ്പ് (E 2436204)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം................തീയതി................)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 25-09-2023 10:28:31

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്